# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/253/2018 2018 നവംബർ 26

# എം.ജി. വാർത്താക്കുറിപ്പ്

---

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ ബി .വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2016 അഡ്മിഷൻ) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ നാലിന് കാലടി ശ്രീ ശങ്കരാ കോളേജിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**വൈവാവോസി**

നാലാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം നവംബർ 2018 പരീക്ഷയുടെ വൈവാവോസി ഡിസംബർ മൂന്നിന് കാലടി ശ്രീ ശങ്കരാ കോളേജിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷഫലം**

2018 ജനുവരിയിൽ നടത്തി യ ഒന്നാം സെമസ്റ്റർ ബി .കോം. സി.ബി.സി.എസ്. ( മോഡൽ 1, 2, 3) 2017 അഡ്മിഷൻ റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ച . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലോ കോളേജുകളിൽ നടത്തുന്ന 2018-19 വർഷത്തെ എൽ .എൽ.ബി. ( ത്രിവത്സരം), എൽ.എൽ.ബി. ( പഞ്ചവത്സരം) കോഴ്സുകളുടെ അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**എം.ജി.യിൽ ഭരണഘടന ദിനാഘോഷം**

സാമൂഹിക നീതിയിലും സമത്വത്തിലും അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടന മറ്റ് രാജ്യങ്ങൾക്ക് മാതൃകയാണെന്ന് വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പറഞ്ഞു . മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഭരണഘടനാ ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . ഭരണഘടനയുടെ ആമുഖം രജിസ്ട്രാർ എം .ആർ. ഉണ്ണി വായിച്ചു . ഫിനാൻസ് ഓഫീസർ എബ്രഹാം ജെ . പുതുമന, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

**(1) ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി എം.ജി. സർവകലാശാലയിൽ നടന്ന യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സംസാരിക്കുന്നു**

**(2) ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി എം.ജി. സർവകലാശാലയിൽ നടന്ന യോഗത്തിൽ രജിസ്ട്രാർ എം.ആർ. ഉണ്ണി ഭരണഘടനയുടെ ആമുഖം വായിച്ചുനൽകുന്നു**

## എം.ജി. സർവകലാശാല ഭിന്നശേഷി സൗഹൃദ സ്ഥാപനം: ഡോ. ആർ. പ്രഗാഷ്

മഹാത്മാ ഗാന്ധി സർവകലാശാല ഭിന്നശേഷിക്കാർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ഭിന്നശേഷി സൗഹൃദ കാമ്പസാക്കുകയും ചെയ്തെന്ന് സിൻഡിക്കേറ്റംഗം ഡോ . ആർ. പ്രഗാഷ് പറഞ്ഞു . സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര സെമിനാറിന്റെ സമാപന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഭിന്നശേഷിക്കാർക്കായി സർവകലാശാല ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ് എന്നീ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ളവരെ സഹായിക്കാനായി ലെയ്സൺ ഓഫീസ്, കാമ്പസിൽ യാത്രാ സൗകര്യത്തിനായി പ്രത്യേക വാഹനം എന്നിവ ഒരുക്കിയിട്ടുണ്ടെന്നും ഡോ . ആർ. പ്രഗാഷ് പറഞ്ഞു. രാജ്യാന്തര സെമിനാറിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ അദ്ദേഹം വിതരണം ചെയ്തു.

സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ . രാജീവ് കുമാർ അധ്യക്ഷത വഹിച്ചു . ഡോ. അമീൻ അലി ജമാൽ , ഡോ. വുറോക് ചാൻ മലിത് , ഡോ. മുസ്തഫ, എം.എം. അനഘ, ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര സെമിനാറിന്റെ സമാപന ചടങ്ങിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് നിർവഹിക്കുന്നു**

## ചാൻസലേഴ്സ് പുരസ്കാരം; അനുമോദന യോഗം ഇന്ന് (നവംബർ 27)

മികച്ച സർവകലാശാലയ്ക്കുള്ള ഗവർണറുടെ ചാൻസലേഴ്സ് പുരസ്കാരം നേടിയതിനോടനുബന്ധിച്ച് സർവകലാശാലയിലെ സിൻഡിക്കേറ്റംഗങ്ങൾ, അധ്യാപകർ, അനധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ, അധ്യാപക - സർവീസ് സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം ഇന്ന് (നവംബർ 27) രാവിലെ 11.30ന് അസംബ്ലി ഹാളിൽ ചേരും . വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് യോഗം ഉദ്ഘാടനം ചെയ്യും. അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എസ്. സുജാത, വി.എസ്. പ്രവീൺകുമാർ, ഡോ. കെ. ജയചന്ദ്രൻ, ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, ഡോ. എ. ജോസ് , പ്രൊഫ. കെ.എം. കൃഷ്ണൻ , പ്രൊഫ. സന്തോഷ് പി. തമ്പി , പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ആർ. അനിത, ഡോ. റോയ് സാം ഡാനിയേൽ, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, അധ്യാപക - സർവീസ് സംഘടനാ പ്രതിനിധികളായ ഡോ. സി. വിനോദൻ, പി. പത്മകുമാർ, എൻ. മഹേഷ്, പി.കെ. രമേശ് കുമാർ, കെ.ജി. ഷാജി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ, ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ എൻ.കെ. നയന, ഐ.ക്യു.എ.സി. ജോയിന്റ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ജോയിന്റ് രജിസ്ട്രാർ കെ. കോമളവല്ലി എന്നിവർ പങ്കെടുക്കും.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**